# ഗവ: എൽ.പി.എസ്.

## അയിലറ

GOVERNMENT L.P.S. * Ayiara P.O., Ayiara *
Date..........

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ
# 2025-26

# സ്കൂൾ പ്രൊഫൈൽ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ . എൽ . പി സ്കൂൾ ,അയിലറ |
| സ്കൂൾ കോഡ് | : 40306 |
| ബി . ആർ . സി | : അഞ്ചൽ |
| ഉപജില്ല | : അഞ്ചൽ |
| പഞ്ചായത്ത്( സി.ആർ.സി | : ഏരൂർ |
| ജില്ല | : കൊല്ലം |
| പ്രഥമാധ്യാപിക | : മിനി ജേക്കബ് |
| ഫോൺ നമ്പർ | : +919497621474 |

ഉള്ളടക്കം


| | | |
|---|---|---|
| 1 | ആമുഖം (വിദ്യാലയ ചരിത്രം) | |
| 2 | മലയാളം | |
| 3 | ഇംഗ്ലീഷ് | |
| 4 | ഗണിതം | |
| 5 | പരിസര പഠനം | |
| 6 | കലാ കായിക പ്രവൃത്തി പരിചയം | |
| 7 | ലഹരി മുക്ത വിദ്യാലയം,<br>ഹരിത വിദ്യാലയം | |

# ആമുഖം

## വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻ ഗ്രാമങ്ങളിലൊന്നായ ഏരൂർ ഗ്രാമപഞ്ചായത്തിൽ ആയിരനല്ലൂർ വില്ലേജിൽ 1950 ൽ അയിലറ ഗവ: എൽ. പി. എസ്. സ്ഥാപിതമായി. ഈ പ്രദേശത്തെ അംഗൻവാടികളിൽ നിന്നുള്ള കുട്ടികൾക്ക് ഒന്നാം ക്ലാസ്സ് പ്രവേശനത്തിനുള്ള ഏക ആശ്രയമായ ഈ സ്ഥാപനം മലയോര പ്രദേശത്തുള്ള ഭൂരിഭാഗം വരുന്ന കർഷകരുടേയും കർഷക തൊഴിലാളികളുടേയും ആവശ്യകത അറിഞ്ഞു പ്രവർത്തിക്കുന്നു.

സ്കൂൾ വിദ്യാഭ്യാസം നടത്തണമെങ്കിൽ മൈലുകളോളം കാൽനടയായി സഞ്ചരിക്കേണ്ടിയിരുന്ന 1945 കളിൽ ഒരു എഴുത്തു പള്ളിക്കൂടമായി തുടങ്ങിയ സ്ഥാപനം സ്വദേശികളായ ശ്രീ. ഗംഗാധരൻ പിള്ള, ശ്രീ. കുണ്ടറ പത്മനാഭപിള്ള, ശ്രീ. ആന്റണി ശാസ്ത്രി തുടങ്ങിയവരുടെ ആത്മാർത്ഥ പരിശ്രമ ഫലമായി, ശ്രീ. അറപ്പുര ഗോപാലപിള്ള ദാനമായി നൽകിയ 50 സെന്റ് സ്ഥലത്ത് പ്രസ്തുത അയിലറ ഗവ: എൽ. പി. എസ്. നിലവിൽ വന്നു. ഇന്ന് പ്രീ പ്രൈമറി ഉൾപ്പെടെ നാലാം ക്ലാസ്സു വരെ ഇവിടെ പ്രവർത്തിക്കുന്നു.

ആരംഭ കാലം മുതൽ തന്നെ വിദ്യാഭ്യാസപരമായും കായികപരമായും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഈ സ്കൂളിൽ നിന്നും പ്രതിഭാ ശാലികളായ നിരവധി വ്യക്തിത്വങ്ങൾ പഠിച്ചിറങ്ങിയിട്ടുണ്ട്. ഇവരിൽ ശ്രീ. എ.പി. രാജപ്പൻ പിള്ള ഐ.പി.എസ്. , ഓസ്കാർ അവാർഡ് ജേതാവ് ശ്രീ. റസൂൽ പൂക്കുട്ടി, ശാസ്ത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച സുനിൽകുമാർ, യുവ കവി അനീഷ് കെ.അയിലറ തുടങ്ങിയവർ ഉൾപ്പെടുന്നു. ഈ സ്കൂളിന്റെ പരിസര പ്രദേശങ്ങളിൽ നാല് അംഗൻവാടികൾ പ്രവർത്തിക്കുന്നു.

## സ്കൂളിന്റെ അവസ്ഥാ വിശകലനം

### 1 മുതൽ 4 വരെ

| വർഷം | വിഭാഗം | | ആകെ |
|---|---|---|---|
| | ആൺ | പെൺ | |
| 2013 – 14 | 47 | 54 | 101 |
| 2014 – 15 | 39 | 43 | 82 |
| 2015 – 16 | 33 | 43 | 76 |
| 2016 – 17 | 36 | 30 | 66 |
| 2017 – 18 | 33 | 30 | 63 |
| 2018-19 | 33 | 33 | 66 |
| 2019-2020 | 30 | 30 | 60 |
| 2020-2021 | 20 | 35 | 55 |
| 2021-2022 | 22 | 22 | 44 |
| 2022-2023 | 14 | 18 | 32 |
| 2023-2024 | 9 | 13 | 22 |
| 2024-2025 | 9 | 17 | 26 |
| 2025-2026 | 10 | 15 | 25 |

നിലവിൽ കുട്ടികളുടെ എണ്ണം കുറയുന്ന അവസ്ഥയാണുള്ളത്. കാരണം അധ്യാപക ക്ഷാമവും യാത്രയുടെ അസൗകര്യവും. ഈ സ്കൂളിൽ 2 സ്ഥിരം അധ്യാപകരുടെ ഒഴിവുകളുണ്ട്. കുട്ടികളുമായി രക്ഷിതാക്കൾ എത്തുമ്പോൾ ക്ലാസ്സുകൾ അധ്യാപകരില്ലാതെ ഒഴിഞ്ഞു കിടക്കുന്ന കാഴ്ചയാണ് കാണുന്നത്. ഇതു കാരണം രക്ഷിതാക്കൾക്ക് കുട്ടികളെ സ്കൂളിലേക്ക് വിടാൻ ബുദ്ധിമുട്ടാണ്. കൂടാതെ കുട്ടികളെ സുരക്ഷിതരായി സ്കൂളിലെത്തിക്കാൻ വാഹനമില്ലാത്തത് മറ്റൊരു കാരണമാണ്. സമീപ പ്രദേശങ്ങളിലുള്ള എയ്ഡഡ്, അൺ എയ്ഡഡ് വിദ്യാലയങ്ങൾ വാഹനമയച്ച് ഇവിടെയുള്ള കുട്ടികളെ നിർബന്ധപൂർവ്വം കൊണ്ടുപോകുന്നു. എല്ലാവർക്കും പഠന നേട്ടം ഉറപ്പാക്കണം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ നൂതന പ്രവർത്തനങ്ങളിലൂടെ സാധിക്കുമെന്ന് ഉറപ്പാണ്. അധ്യാപകരുടെ അഭാവമാണ് ഈ പ്രതിസന്ധിക്ക് കാരണം. നിലവിലുള്ള പാചകപ്പുരയുടെ ശോചനീയാവസ്ഥ പരിഹരിച്ച് ഉപയോഗയോഗ്യമായ നിലയിൽ പുനർ നിർമ്മിക്കേണ്ടിയിരിക്കുന്നു.

# വിദ്യാലയത്തിന്റെ ഭൗതികാവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| കുടിവെള്ളം | - കിണർ, ടാപ്പ് | - |
| ക്ലാസ്സ് മുറി | - 9 | - |
| ആഫീസ് മുറി | - 1 | - |
| കളി സ്ഥലം | - ഇല്ല | വേണം |
| റാമ്പ് & റെയിൽ | - 2 | - |
| ടോയ്‌ലറ്റ് - ആൺ | - 3 | - |
| ടോയ്‌ലറ്റ് - പെൺ | - 3 | - |
| മഴവെള്ള സംഭരണി | - 1 | - |
| അടുക്കള | - ജീർണ്ണിച്ചത് | വേണം |
| അഡാപ്റ്റഡ് ടോയ്‌ലറ്റ് | - 1 | - |

## ഐ. ടി. സാധ്യത

| | | |
|---|---|---|
| കമ്പ്യൂട്ടർ | - 2 | പ്രവർത്തന രഹിതം |
| ലാപ് ടോപ്പ് | - | 6 |
| പ്രൊജക്ടർ | - 1 | 4 |
| Knowledgw Board | - 1 | 4 |
| റേഡിയോ | - | 1 |
| ടെലിവിഷൻ | - | 1 |
| ഇന്റർനെറ്റ് കണക്ഷൻ | - 1 | - |
| മോഡം | - | 2 |
| സ്മാർട്ട് ക്ലാസ്സ റൂം | - 1 | 5 |

## അനുബന്ധ സംവിധാനങ്ങൾ

| | |
|---|---|
| സബ്ജക്ട് കമ്മിറ്റി | ഇല്ല |
| എസ്. ആർ. ജി. | ഉണ്ട് |
| പി. ടി. എ. | ഉണ്ട് |
| എം. പി. ടി. എ | ഉണ്ട് |
| എസ്. എം. സി. | ഉണ്ട് |
| എസ്. എസ്. ജി. | ഉണ്ട് |

## ക്ലബ്ബ് പ്രവർത്തനങ്ങൾ

| | |
|---|---|
| ഗണിതം | ഉണ്ട് |
| ശാസ്ത്രം | ഉണ്ട് |
| സാമൂഹ്യശാസ്ത്രം | ഉണ്ട് |
| വിദ്യാരംഗം | ഉണ്ട് |
| ആരോഗ്യം | ഉണ്ട് |
| ലൈബ്രറി | ഉണ്ട് |
| ലാബ് | ഇല്ല |
| കമ്പ്യൂട്ടർ ലാബ് | ഉണ്ട്. പ്രവർത്തന രഹിതം |

## വിഷയം: മലയാളം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | ഭാഷണം | ചിത്ര വായന (CSWN)<br>കഥ പറയാം<br>ലഘു സംഭാഷണം<br>ലഘു വിവരണം<br>പ്രസംഗം<br>കവിതാലാപനം<br>അഭിനയം(നാടകം) | ആശയങ്ങൾ കണ്ടെത്തി വാക്കുകളായും, ലഘു വാക്യങ്ങളായും പറയാനുള്ള ശേഷി നേടുന്നതിന് (CSWN)<br>കേട്ടതും, വായിച്ചതും, അനുഭവങ്ങളിലൂടെ അറിഞ്ഞതുമായ കാര്യങ്ങൾ ആശയ വ്യക്ത തയോടെയും അക്ഷര സ്ഫുടതയോടെയും അവതരിപ്പിക്കുന്നതിന്<br>ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ആഴത്തിലറിഞ്ഞതിനു ശേഷം സ്വന്തം വാക്യത്തിൽ പറയുന്നതിനുള്ള കഴിവ് നേടുന്നതിന്.<br>പാട്ടുകൾ, ഈണം, താളം, ഭാവം എന്നിവ ഉൾക്കൊണ്ട് ചൊല്ലുന്നതിനുള്ള കഴിവ് നേടുന്നതിന്<br>വ്യത്യസ്ത സന്ദർഭങ്ങൾ നാടക രൂപത്തിലെ ഴുതി അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നതിന്. | മധ്യ കാലം | 2000 | ക്ലാസ്സ് ടീച്ചേഴ്സ് | HM,<br>PTA,<br>BRC |

## വിഷയം: മലയാളം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 2 | വായന | അമ്മ വായന<br>പത്ര വായന<br>വായനാ മത്സരം<br>ക്ലാസ്സ് ലൈബ്രറി<br>പുസ്തക വിതരണം<br>ബാലസഭയിൽ കഥ, കവിത അവതരണം<br>പദ കാർഡുകൾ<br>വായനാ കാർഡുകൾ- വായന<br>വാക്കുകൾ നിർമ്മിക്കാം,വായിക്കാം<br>ലഘു വിവരണം എഴുതാം<br>മഹാന്മാരെ അറിയാം<br>വർക്ക് ഷീറ്റുകൾ<br>റഫറൻസ് പുസ്തകങ്ങൾ- വായന<br>ലോക്കൽ ടെസ്റ്റ് -വായന | എല്ലാ കുട്ടികളേയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റിയെടുക്കുക<br><br>വായിച്ച് ആശയങ്ങൾ വികസിപ്പിക്കാനുള്ള കഴിവ് നേടുക<br><br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | മധ്യ കാലം | 2000/- | ടീച്ചേഴ്സ് | MPTA<br>HM,<br>PTA,<br>BRC |

## വിഷയം: മലയാളം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 3 | ലേഖനം | പദങ്ങൾ നിർമ്മാണം<br>പദ സൂര്യൻ<br>വാക്യ നിർമ്മാണം<br>വരികൾ കൂട്ടി<br>ച്ചേർക്കൽ<br>ആസ്വാദനക്കുറിപ്പ്<br>ജീവ ചരിത്രക്കുറിപ്പ്<br>ഡയറി<br>അടിക്കുറിപ്പ്<br>പ്രസംഗം<br>കഥാരചന<br>താരതമ്യക്കുറിപ്പ്<br>കത്ത്<br>നാടകീകരണം<br>സംഭാഷണം<br>നിവേദനം | എല്ലാ കുട്ടികളേയും ലേഖനത്തിൽ പ്രാപ്തരാക്കിയെടുക്കുക<br><br>അക്ഷരത്തെറ്റ് കൂടാതെ വാക്യങ്ങളെഴുതു വാനുള്ള ശേഷി വികസിപ്പിക്കുക. | മധ്യ കാലം | ഇല്ല | ടീച്ചേഴ്സ് | HM,<br>PTA,<br>BRC<br>പൂർവ്വ വിദ്യാർത്ഥിക ളുടെ സഹായം |

# വിഷയം: മലയാളം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 4 | സർഗ്ഗാത്മകത | ചിത്ര രചന<br>കവിതാ രചന<br>കഥാ രചന<br>കളറിംഗ് (CSWN)<br>അഭിനയം<br>ബാലസഭ<br>വിദ്യാരംഗം ക്ലബ്ബ് | വിജ്ഞാനനത്തെ ഉല്ലാസവേളകളാക്കുന്നതിനും അറിവിന്റെ ആർജ്ജിക്കൽ ഉല്ലാസവേളകളാക്കുന്നതിനും കുട്ടികൾക്ക് കലകളോട് ആഭിമുഖ്യം വളർത്തിയെടുക്കുന്നതിനും<br>ചിത്രങ്ങൾ നിരീക്ഷിക്കുന്നതിനും ആസ്വാദനം വളർത്തിയെടുക്കുന്നതിനും | മധ്യ കാലം | 2000 | ടീച്ചേഴ്സ് | HM,<br>PTA,<br>SSA |

## വിഷയം: ഇംഗ്ലീഷ്

| Sl | ശേഷി | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | [illegible] | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | Listening | Narratives<br>Story telling<br>Rhymes<br>Interaction<br>ICT<br>Games (word) | Empowering the listening skill<br><br>To develop listening skill in English Language | Long time | 1000 | Teachers | HM.<br>PTA.<br>BRC |
| 2 | Speaking | Interaction<br>Narration<br>Riddles<br>Description (picture)<br>Conversation<br>Skit | To enrich the vocabulary and various.<br><br>To enable the students to speak English with confidence.<br><br>Expressions are suitable to the situations. | Long time | | Teachers | HM.<br>PTA.<br>BRC |

## വിഷയം: ഇംഗ്ലീഷ്

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 3 | Reading | Work book and work sheet.<br>Reading stories<br>Reading Cards<br>Picture chart<br>Puzzles<br>Word web<br>Riddles<br>Library text<br>Local text | To make oral presentation with voice modulation<br>To develop reading skills in all children<br>To create an affinity towards reading English<br>To enrich he vocabulary and various expressions suitable to the situations | mid time | 2000 | Teachers | HM,<br>PTA,<br>MPTA<br>BRC |
| 4 | Writing | Conversation<br>Descriptions<br>Thoughts<br>Adding more lines<br>Letter<br>Skit | To develop creative writing skills among the children at elementary level.<br>To enable the students to write English with confidence. | Mid time | NIL | Teachers | HM,<br>PTA,<br>BRC |

## വിഷയം: ഗണിതം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | സംഖ്യാ ബോധം | എണ്ണാം എഴുതാം (CWSN)<br>വരിയായും നിരയായും (CWSN)<br>ഒരുപോലുള്ളവർ ചേരുമ്പോൾ (CWSN)<br>അബാക്കസിൽ ക്രമീകരിക്കാം (CWSN)<br>നോട്ടിന്റെ എണ്ണം (CWSN)<br>ആരോഹണാവരോഹണം<br>സ്ഥാനവിലപ്പോക്കറ്റ്<br>റോമൻ അക്കങ്ങൾ അറിയാം | എണ്ണൽ സംഖ്യകൾ സ്വായത്തമാക്കാനുള്ള കഴിവ് നേടുന്നതിന്<br>വലുത് /ചെറുത് തിരിച്ചറിയാൻ<br>സംഖ്യകളുടെ സ്ഥാനവിലക്കനുസരിച്ച് കൂട്ടങ്ങളാക്കാനും പിരിച്ചെഴുതാനുമുള്ള കഴ്വ് നേടുന്നതിന്<br>റോമൻ അക്കങ്ങൾ തിരിച്ചറിയുന്നതിന് | ഹ്രസ്വകാലം | 2000 | ക്ലാസ്സ് ടീച്ചേഴ്സ് | HM,<br>PTA,<br>BRC |

# വിഷയം: ഗണിതം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 2 | പ്രശ്നാപഗ്രഥനം | കടയിൽപോകാം(+, -)<br>എന്റെ കയ്യിൽ (+, -)<br>ഞാനും എന്റെ കൂട്ടുകാരും (+, -)<br>ചന്തയിൽ പോകാം (+, - , X ,÷)<br>സർക്കസിന് പോകാം (+, - , X ,÷) | കുട്ടികളുടെ യുക്തി ചിന്ത വളർത്തുന്നതിന്<br>പ്രശ്ന പരിഹാര ശേഷി നേടുന്നതിന് | മധ്യ കാലം | 2000 | ടീച്ചേഴ്സ് | HM.<br>PTA.<br>BRC |
| 3 | അളവുകൾ തൂക്കങ്ങൾ സമയം | വെള്ളമെത്ര പറയാമോ? (CWSN)<br>ഞാനാണ് കേമൻ? (നീളം ) (CWSN)<br>വിളവെടുപ്പുൽസവം (Kg., ക്വിന്റൽ ടൺ)<br>ന്യായവില<br>സ്റ്റോർ(ഗ്രാം,കിലോഗ്രാം)<br>വരയ്ക്കാം പറയാം (Clock)<br>എന്റെ ഒരു ദിവസം (സമയം)<br>ഗണിത ലാബ് | നിത്യ ജീവിത സന്ദർഭവുമായി ബന്ധപ്പെട്ട് സമയം കണ്ടെത്താനും പറയാനുമുള്ള ശേഷി നേടാൻ<br>വസ്തുക്കളുടെ നീളം, ഭാരം, ഊഹിച്ചു പറയാൻ<br>നിത്യ ജീവിതവുമായി ബന്ധപ്പെട്ട് കൃത്യത, സൂക്ഷ്മത ഇവ പരിപാലിച്ച് ഭാരം അളക്കുന്നതിനും പറയുന്നതിനുമുള്ള ശേഷി നേടാൻ | | | | |

## വിഷയം: പരിസര പഠനം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | ലഘു പരീക്ഷണം | കുട്ടി ശാസ്ത്രജ്ഞരാകാം? (പയർ വിത്ത് മുളപ്പിക്കാം, മണ്ണിൽ ജലം താഴുന്നു.)<br><br>ശാസ്ത്രം പരീക്ഷണമാണ്. (ജലത്തിന്റെ 3 അവസ്ഥകൾ)<br><br>നേരറിയാനൊരു പരീക്ഷണം (വായു, പൊതു സ്വഭാവം)<br><br>മുച്ചട്ടി അരിപ്പ (ജല ശുദ്ധീകരണം) | പ്രശ്ന പരിഹാരത്തിനാവശ്യമായ ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും പരീക്ഷണം സ്വന്തമായി ആസൂത്രണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നതിനും പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് നിരന്തരം ഏർപ്പെടുന്നതിനുള്ള ശേഷി നേടാൻ. | മധ്യ കാലം | 2000 | ടീച്ചേഴ്സ് | HM.<br>PTA.<br>BRC<br>SSA |

# വിഷയം: കലാകായികം, പ്രവൃത്തി പരിചയം

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | നിർമ്മാണ പ്രവർത്തനം (ഒറിഗാമി, മറ്റുളളവ)<br><br>ചിത്ര രചന,<br><br>കളറിംഗ്<br><br>നാടൻ പാട്ടുകൾ<br><br>നാടകം<br><br>നാടൻ കളികൾ | കടലാസ് പൂന്തോട്ടം (വളളം, മീൻ, വീട്, പൂവ്, ശലഭം, പക്ഷി)<br><br>പാഴ് വസ്തുക്കൾ കൊണ്ടൊരു കരവിരുത് (മീൻ, തൊപ്പി, പമ്പരം, പൂവ്)<br><br>ബാലസഭയിൽ നാടൻപാട്ടും, കളിക്കാം രസിക്കാം | കുട്ടികളുടെ കലാ വാസനയേയും പ്രവൃത്തിപരിചയ നൈപുണിയേയും വികസിപ്പിക്കുന്നതിന്.<br><br>ശാരീരിക മാനസിക വികാസങ്ങളുടേയും വളർച്ചയുടേയും അടിത്തറ രൂപപ്പെടുത്തുന്നതിന്<br><br>കുട്ടികളുടെ സർവ്വതോന്മുഖമായ വികാസം ഉറപ്പുവരുത്തുന്നതിന് | ദീർഘ കാലം | 5000 | ടീച്ചേഴ്സ് | HM,<br>PTA,<br>BRC |

## വിഷയം: സാമൂഹിക സുരക്ഷ

| Sl | മേഖല | പ്രവർത്തനങ്ങൾ | ലക്ഷ്യങ്ങൾ | കാലം | ചെലവ് | മേൽനോട്ടം | പിന്തുണ |
|---|---|---|---|---|---|---|---|
| 1 | ലഹരി മുക്ത വിദ്യാലയം | ബോധവൽക്കരണം<br>ലഘു നാടകം<br>പോസ്റ്റർ രചന<br>അറിയിപ്പ് ബോർഡ് | പ്രധാന ലഹരി വസ്തുക്കൾ ഏതെല്ലാമെന്ന് തിരിച്ചറിയുക<br>അവ ഉപയോഗിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ തിരിച്ചറിയുക<br>വീട്ടിലുള്ളവരേയും മറ്റ് മുതിർന്നവരേയും ബോധവൽക്കരിക്കുക | ദീർഘ കാലം | 1000 | HM,<br>ടീച്ചേഴ്സ് | PTA<br>SMC<br>MPTA,<br>ആരോഗ്യ പ്രവർത്തകർ |
| 2 | ഹരിത വിദ്യാലയം | പച്ചക്കറിത്തോട്ടം<br>ജൈവവൈവിധ്യ പാർക്ക് | കൃഷി ഒരു സംസ്കാരമാണെന്ന തിരിച്ചറിവ് ഉണ്ടാവുക.<br>കൃഷിയുടെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുക.<br>കൃഷിയെ കൂടുതൽ സ്നേഹിക്കാൻ പഠിക്കുക<br>വിവധ തരം സസ്യങ്ങൾ അവയുടെ കുടുംബം എന്നിവ മനസ്സിലാക്കുക ഔഷധ സസ്യങ്ങളെ തിരിച്ചറിഞ്ഞ് ഉപയോഗിക്കുക | ദീർഘ കാലം | 20000 | HM,<br>ടീച്ചേഴ്സ് | PTA<br>SMC<br>MPTA,<br>BRC<br>AEO<br>ജന പ്രതിനിധികൾ |

GOVERNMENT L.P.S. Date........ Ayira P.O.

## ഒന്നാം ടേമിൽ നടത്തേണ്ട പ്രവർത്തനങ്ങൾ

- ക്ലാസ് പി.ടി.എ.കൾ
- കാവ്യോത്സവം
- റീഡേഴ്സ് തിയറ്റർ
- രചനോത്സവം
- സർഗാത്മക ഡയറി
-
-
-

## ക്ലാസ് പി.ടി.എ. യോഗങ്ങൾ

വിദ്യാലയങ്ങളിൽ പ്രതിമാസ ക്ലാസ് പി.ടി.എ.കൾ പതിവായി നടന്നു വരുന്നുണ്ട്. എന്നാൽ കൊറോണാന്തര ഫീഡ്ബാക്കുകൾക്കപ്പുറം ക്ലാസ് പ്രവർത്തനങ്ങളിൽ അധ്യാപകർക്കും കുട്ടികൾക്കും മികച്ച പിന്തുണ ഉറപ്പാക്കുന്ന വിധത്തിലേയ്ക്ക് ക്ലാസ്സ് പി.ടി.എ.കളെ ഉയർത്തി അവയെ കൂടുതൽ സജീവവും പ്രവർത്തനാധിഷ്ഠിതവും ഗുണാത്മകവുമായി മാറ്റേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

- ക്ലാസ് പി.ടി.എ.കളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പിക്കുക.
- ഏകപക്ഷീയമായ അവതരണത്തിനു പകരം പ്രവർത്തനങ്ങളിലൂടെ പഠനലക്ഷ്യങ്ങളെക്കുറിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുക.
- അധ്യാപകർക്ക് പഠനപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് രക്ഷിതാക്കളുടെ സജീവ പിന്തുണ ഉറപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളെ കുട്ടികളുടെ മികവിന്റെ പ്രകടന ഇടമായി മാറ്റുക.
- അക്കാദമിക പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് മികച്ച പിന്തുണ നൽകുന്ന സഹപഠിതാവ് എന്ന നിലയിലേയ്ക്ക് രക്ഷിതാക്കളെ ഉയർത്തുക.
- ഉത്പന്ന വിശകലനം, സിമുലേഷൻ, വീഡിയോ പ്രദർശനം, വിദഗ്ദരുടെ ക്ലാസ് തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തി ക്ലാസ് പി.ടി.എ.കൾ വൈവിധ്യമുള്ളതാക്കുക.

**പ്രവർത്തനം**

- ജൂണിലെ ആദ്യ ക്ലാസ് പി.ടി.എ.യിൽ 2024-25 അധ്യായന വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനവും പ്രവർത്തനാധിഷ്ഠിതമായി നിർവഹണാസൂത്രണവും നടത്തണം.
- വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിച്ച് കുട്ടികൾക്ക് ലഭിക്കേണ്ട രക്ഷാകർതൃ പിന്തുണ ഉറപ്പാക്കണം.

- സർഗ്ഗാത്മക ഡയറി/കാവ്യോത്സവം/റീഡേഴ്സ് തിയറ്റർ തുടങ്ങിയ പരിപാടികളുടെ അക്കാദമിക പ്രാധാന്യവും അവ കുട്ടിയിൽ ഉണ്ടാക്കുന്ന ഭാഷാപരമായ വളർച്ചയും ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.
- തുടർ മാസങ്ങളിൽ നടത്തുന്ന ക്ലാസ് പി.ടി.എ. കളിൽ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളും ലക്ഷ്യപ്രാപ്തിയും വിശകലനം ചെയ്യണം.
- ക്ലാസ്സ് പി.ടി.എ.-കളിൽ പൂർണ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് വിദഗ്ധരുടെ ക്ലാസ്സ്, കൗൺസിലിംഗ്, വീഡിയോ പ്രദർശനം, മികവ് പ്രകടനങ്ങൾ, സിമുലേഷൻ തുടങ്ങിയവ ഉൾപ്പെടുത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- ക്ലാസ് പി.ടി.എ.കളിൽ കൃത്യമായി പങ്കെടുക്കുക.
- കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ നിരീക്ഷിച്ച് അവരിലുണ്ടാകുന്ന മാറ്റങ്ങൾ/പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ തുടങ്ങിയവ ക്ലാസ് പി.ടി.എ. കളിൽ അവതരിപ്പിക്കുക.
- ക്ലാസ് പി.ടി.എ.കളിൽ നടക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുക.
- ക്രിയാത്മക നിർദേശങ്ങൾ നൽകുക.

## കാവ്യോത്സവം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നാലാം ക്ലാസിലെ എല്ലാ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം, അവതരണം എന്നിവയിൽ മികവുണ്ടാകുന്നതിനായി ആവിഷ്കരിക്കുന്ന ഇടപെടലാണ് കാവ്യോത്സവം.

ഒന്നാം ക്ലാസ് മുതലാരംഭിക്കുന്ന പാട്ടരങ്ങിന്റെയും മൂന്നാം ക്ലാസിലെ കാവ്യോത്സവത്തിന്റെയും തുടർച്ചയായാണ് 4-ാം ക്ലാസിൽ കാവ്യോത്സവം നടത്തുന്നത്. പാഠഭാഗത്തെ കവിതകളും പാഠ പ്രമേയങ്ങളുമായി ബന്ധപ്പെട്ട കവിതകളും പാട്ടുകളുമെല്ലാം ഈ പ്രവർത്തനത്തിനായി പ്രയോജനപ്പെടുത്താം.

ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നു പോകുന്ന കുട്ടികൾക്ക് ഈണവും താളവും ആശയവും ഉൾക്കൊണ്ട് വരികൾക്കു രൂപം നൽകാനും കൂട്ടിച്ചേർക്കാനും കഴിയുമെന്നതാണ് പ്രധാന കണ്ടെത്തൽ.

### ലക്ഷ്യങ്ങൾ

- താളവൈവിധ്യമുള്ള പാട്ടുകൾ, കവിതകൾ എന്നിവ ലഭ്യമായ വാദ്യോപകരണങ്ങൾ ഉപയോഗപ്പെടുത്തി ഒറ്റയ്ക്കും സംഘമായും ചൊല്ലി അവതരിപ്പിക്കുന്നു.
- ചൊല്ലി കേൾക്കുന്ന പാട്ടുകൾ, കവിതകൾ ഈണം, താളം പാലിച്ചുകൊണ്ട് ഏറ്റു ചൊല്ലുന്നു.
- കവിതകളുടെ/പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും വാദ്യോപകരണങ്ങൾ വായിക്കുകയും ചുവടുകൾ വെക്കുകയും ചെയ്യുന്നു.
- കവിതയുടെ താളത്തോട് പൊരുത്തപ്പെടുന്ന വിധത്തിൽ കവിതയുടെ ആശയവുമായി ബന്ധപ്പെട്ട വാക്കുകളും വരികളും കൂട്ടിച്ചേർത്ത് എഴുതാനും പാടാനും കഴിവു നേടുന്നു.
- പാഠപുസ്തകത്തിലെ കവിതകളും വായ്ത്താരികളും താളവും ഈണവും പാലിച്ച് സ്വതന്ത്രമായി പാടുന്നു.
- പാട്ടുകളും കവിതകളും കൂട്ടുകാർക്ക് ഏറ്റു ചൊല്ലാവുന്ന തരത്തിൽ ഈണവും താളവും പാലിച്ചുകൊണ്ട് പാടികൊടുക്കുന്നു.

- ഊണിന്റെ മേളം

ഈ ആറ് വിഭാഗങ്ങളിൽപ്പെട്ട പാട്ടുകളാണ് കാവ്യോത്സവത്തിൽ ഉൾപ്പെടുത്തുക.

**കാവ്യോത്സവം നിർവഹണകാലം**

- ജൂൺ രണ്ടാം വാരം ആരംഭിക്കണം
- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ കാവ്യോത്സവം ക്ലാസ് പി.ടി.എ. മുമ്പാകെ സംഘടിപ്പിക്കുക. (ജൂലൈ)
- ഓരോ ടേമിന്റെ അവസാനവും കാവ്യോത്സവം സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ കാവ്യോത്സവം ഒരിനമായിരിക്കും.

**രക്ഷിതാക്കളുടെ പങ്ക്**

- ഭവനാന്തരീക്ഷത്തിലും കുട്ടികൾക്ക് കവിതകൾ/പാട്ടുകൾ എന്നിവ താളാത്മകമായി അവതരിപ്പിക്കാൻ അവസരമൊരുക്കുക.
- വീട്ടിൽ ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് താളം കൊട്ടിപ്പാടാൻ പിന്തുണ നൽകുക.
- ഈണത്തിലും താളത്തിലും അവതരിപ്പിക്കാവുന്ന കവിതകൾ/പാട്ടുകൾ/വായ്ത്താരികൾ തുടങ്ങിയവ ശേഖരിക്കാൻ സഹായിക്കുക.
- സമാനാശയമുള്ള കവിതകൾ/പാട്ടുകൾ കണ്ടെത്താൻ സഹായിക്കുക.
- ആശയത്തുടർച്ചയുള്ള വരികൾ കൂട്ടിച്ചേർത്ത് പാട്ടുകളും കവിതകളും വിപുലപ്പെടുത്താൻ ആവശ്യമായ പിന്തുണ നൽകുക.
- കുട്ടികളുടെ പാട്ടിന്റെയും അവതരണങ്ങളുടെയും ആസ്വാദകരും പ്രോത്സാഹകരുമാവുക.

## റീഡേഴ്സ് തിയേറ്റർ

രംഗസജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത ഒരു സംഘം വായനക്കാർ വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതിനെയാണ് റീഡേഴ്സ് തിയേറ്റർ എന്ന് വിളിക്കുന്നത്. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പരിമിതികളെ മറി കടക്കുവാൻ ഭിന്നനിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള വ്യത്യസ്തമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട്. ലേഖനത്തിൽ എന്ന പോലെ വായനയിലും പരിമിതിയുള്ള കുട്ടികളുണ്ട്. ആശയ ഗ്രഹണ വായനയ്ക്ക് വേണ്ടത്ര പഠനാവസരങ്ങൾ ലഭിക്കാത്തത് കുട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അനുയോജ്യമായ വേഗത്തിലുള്ള വായന, ഭാവം, താളം എന്നിവ ഉൾക്കൊണ്ടുള്ള വായന എന്നിവയിലും മെച്ചപ്പെടേണ്ടതുണ്ട്. കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള സ്വതന്ത്ര ശ്രാവ്യവായന മെച്ചപ്പെടുത്തുന്നതിനും റീഡേഴ്സ് തിയേറ്റർ എന്ന പ്രവർത്തനം ഫലപ്രദമാണ്.

**ലക്ഷ്യങ്ങൾ**

- കഥാസന്ദർഭം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.
- കേൾവിക്കാരെ ആശയം ബോധ്യപ്പെടുംവിധം വായിച്ചവതരിപ്പിക്കുന്നു.
- കഥാഭാഗം വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു.
- പരസ്പരം സഹായിച്ചുള്ള വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുക.

**പ്രവർത്തന രീതി**

- തുടക്കത്തിൽ പാഠപുസ്തകത്തിലെ കഥകൾ വായനയ്ക്ക് നൽകുന്നു.
- കുട്ടികൾ കഥ വായിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ നടത്തി സ്ക്രിപ്റ്റ് തയാറാക്കുന്നു.
- കഥാപാത്രങ്ങളെ വീതിച്ചെടുത്ത് സംഭാഷണങ്ങൾ നാടകീയമായി വായിച്ചവതരിപ്പിക്കുന്നു.

- ഓരോ ഗദ്യപാഠഭാഗവും വിനിമയം ചെയ്യുന്നതിന്റെ ഭാഗമായി റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കാം.
- കൂടുതൽ സംഭവമുഹൂർത്തങ്ങൾക്കും കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്നതുമായ വായന സാമഗ്രികൾ കണ്ടെത്തി കൂടുതൽ കുട്ടികൾക്ക് അനുഭവം നൽകണം.
- ഇതിനനുയോജ്യമായ വായനാസാമഗ്രികൾ മുൻകൂട്ടി കണ്ടെത്തി വയ്ക്കണം. ഇവ പാഠഭാഗത്തെ ആശയവുമായി ബന്ധം ഉണ്ടായിരിക്കുന്നത് നല്ലതാണ്.
- കൂടുതൽ കുട്ടികൾക്ക് റീഡേഴ്സ് തിയേറ്ററിന്റെ അനുഭവം കിട്ടുന്നതിനായി ഓൺലൈൻ റീഡേഴ്സ് തിയേറ്റർ ഗൂഗിൾ മീറ്റ് സംഘടിപ്പിക്കാം.
- റീഡേഴ്സ് തിയേറ്ററിനെ കുറിച്ച് രക്ഷകർത്താക്കൾക്ക് വ്യക്തമായ ധാരണ നൽകണം.
- കുട്ടികളുടെ അവതരണങ്ങൾ (വീഡിയോ) ക്ലാസ് ഗ്രൂപ്പുകളിൽ പങ്കിടണം.
- രക്ഷിതാക്കൾക്ക് അഭിപ്രായങ്ങൾ പറയാൻ അവസരം നൽകണം.
- കുട്ടികൾക്ക് പരസ്പരം അവതരണങ്ങളെ വിലയിരുത്തി അഭിപ്രായം പറയാൻ അവസരം നൽകണം.
- CPTA യിൽ റീഡേഴ്സ് തിയേറ്റർ അവതരണം നടത്തണം.
- ഭാഷോത്സവത്തിന്റെ ഭാഗമായി റീഡേഴ്സ് തിയറ്ററിന്റെ അവതരണം നടത്തണം.

**രക്ഷിതാക്കളുടെ പങ്ക്**

- വീട്ടിലും റീഡേഴ്സ് തിയറ്റർ അവതരണത്തിന് പിന്തുണ നൽകുക. (കുട്ടിക്കൊപ്പം മുതിർന്നവർ വായിക്കുന്നത് കുട്ടികളുടെ ആത്മ വിശ്വാസം വളർത്തും)
- വായനയ്ക്കായി അനുയോജ്യമായ രചനകൾ കണ്ടെത്താൻ സഹായിക്കുക.
- സ്ക്രിപ്റ്റ് രൂപീകരണത്തിലെ ഇടപെടലുകൾ ആകാം.
- ഗൂഗിൾ മീറ്റ് പങ്കാളിത്തം ഉറപ്പാക്കണം.

## സർഗ്ഗാത്മക ഡയറി

ഓരോ ദിവസത്തെയും പ്രധാന സംഭവത്തെ അതിന്റെ വൈകാരികത യോടെ എഴുതിവയ്ക്കലാണ് ഡയറിയെഴുത്തിൽ നടക്കുന്നത്. ഇത് എല്ലാ ദിവസവും നടക്കേണ്ട വ്യക്തിഗത പ്രക്രിയയാണ്. എന്നാൽ ഡയറി എഴുത്തിൽ കൂടുതൽ സർഗാത്മക സാധ്യതകൾ തുറന്നു നൽകുകയാണ് സർഗാത്മക ഡയറി എന്ന പുത്തനാശയം.

സ്വന്തം അനുഭവത്തെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനും ആണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത്.

**നേട്ടങ്ങൾ**

- കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.
- ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.
- സർഗ്ഗാത്മക ശേഷി വികസിക്കുന്നു.
- ഭാഷാ നൈപുണി വികസിക്കുന്നു.
- കുട്ടികളുടെ ചിന്താശേഷി വികസിക്കുന്നു.
- കുട്ടിയുടെ മനസിന്റെ സദ്ഭാവനകളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കുന്നു.
- പ്രകൃതിയുമായി നിരന്തരം അടുക്കുന്നതിലൂടെ നിരീക്ഷണ പാടവം - വർദ്ധിക്കുന്നു.
- മൂല്യങ്ങൾ സ്വയം സ്വാംശീകരിക്കുന്നു.

**പ്രവർത്തന രീതി**

- സർഗാത്മക ഡയറിയെഴുത്തിനായി ഒരു കാഴ്ച/സംഭവം തിരഞ്ഞെടുക്കുന്നു.
- അതിനെ ഭാവനാത്മകമായി ചിത്രീകരിക്കുന്നു.

കവിത/പാട്ട്

സംഭാഷണം

വിവരണം

കഥ

പത്രവാർത്ത

ചിത്രകഥ

തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്താം.

- എഴുത്തിന് അനുബന്ധമായി രംഗ ചിത്രീകരണം നടത്തണം.
- വാട്സ് ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാം.

**രക്ഷിതാവിന്റെ പങ്ക്**

- ഓരോ ദിവസവും കുറച്ച് സമയം കുട്ടികളോടൊപ്പം ഇരുന്ന് ആ ദിവസം അവർ കണ്ട/അനുഭവിച്ച കാര്യങ്ങൾ കുട്ടികളുമായി ചർച്ച ചെയ്യണം.
- ആദ്യഘട്ടത്തിൽ ഓരോ ദിവസത്തെയും പ്രധാന സംഭവം തിരഞ്ഞെടുക്കാൻ കുട്ടിയെ സഹായിക്കണം.
- എഴുതുവാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്തണം.
- എഴുത്തിന്റെ ശരിയായ രൂപം കുട്ടിയുടെ ചിന്തയിലേക്ക് കൊണ്ടു വരുവാനുള്ള ഇടപെടൽ നടത്തണം.
- ആഴ്ചയിൽ രണ്ട്/മൂന്ന് സർഗാത്മക ഡയറി എഴുതിയാൽ മതിയാകും.
- കുട്ടികളുടെ രചനകൾ വാട്സാപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കാൻ സഹായിക്കണം.

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർമസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |

 മലയാളം

| | | | | |
|---|---|---|---|---|
| ലേഖനം | പോസ്റ്റർ<br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>ഒക്ടോബർ<br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി - സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

**1.** മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാഹിത്യകാരന്മാരുടെ ജന്മ ദിന ചരമ ദിനങ്ങൾ ആഘോഷിക്കൽ, ഛായാചിത്ര പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (ആവശ്യമെങ്കിൽ) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

**3.** കളിക്കാം... ഗണിക്കാം... (ഗണിത പാഠം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| [illegible] | [illegible] | | | |
| [illegible] | | | | |
| ശാസ്ത്രമേള | ശാസ്ത്ര ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രദർശനങ്ങൾ, [illegible] പ്രവർത്തനം. | | | | |

4. അറിയാം... അനുഭവിച്ചറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ശേഖരിക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര [illegible] പ്രദർശനങ്ങൾ, [illegible] അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| [illegible] | ഗ്രന്ഥ വായന, ഗ്രന്ഥ രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കൂട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

പ്രധാന പ്രവർത്തന ലക്ഷ്യങ്ങൾ

1. നാലാം ക്ലാസിലെ എല്ലാ കുട്ടികളും തങ്ങളുടെ അനുഭവ ങ്ങളെയും കണ്ട കാഴ്ചകളെയും സർഗ്ഗാത്മകമായി / വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ അവതരിപ്പിക്കാൻ പ്രാപ്തി നേടുന്നു.

*പഠനനേട്ടങ്ങൾ :*

- അനുഭവക്കുറിപ്പ് തയാറാക്കുന്നു,
- ആശയങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിൽ അവ തരിപ്പിക്കുന്നു.

2. എല്ലാ കുട്ടികളും പാഠപുസ്തകത്തിലെ കവിതകളുടെ ഈണത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ഭാവാത്മക മായി അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നു.

*പഠനനേട്ടങ്ങൾ*

- സവിശേഷതകൾ ഉൾക്കൊണ്ട് കവിത ചൊല്ലി ആസ്വദിക്കുന്നു.
- ആശയം, പുതിയ പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ ഉൾക്കൊണ്ട് കവിത ആസ്വദിച്ച് ചൊല്ലി രസിക്കുന്നു.

3. എല്ലാ കുട്ടികൾക്കും പുതിയ കവിതകൾ,പാട്ടുകൾ വായ്ത്താരികൾ എന്നിവ കണ്ടെത്തി ഈണം നൽകി അവ തരിപ്പിക്കുന്നതിനും താളം തിരിച്ചറിഞ്ഞ് പുതിയ വരികൾ കൂട്ടിച്ചേർത്ത് കവിതകൾ വിപുലപ്പെടുത്തുന്നതിനും കഴി വുണ്ടാകുന്നു.

*പഠനേട്ടങ്ങൾ*

- വ്യത്യസ്ത വായത്താരികളും സമാന കവിതകളും ശേഖരിക്കുന്നു. ഈണത്തിൽ അവതരിപ്പിക്കുന്നു.
- കവിതകൾ ഈണത്തിലും താളത്തിലും ചൊല്ലുന്നു.

4. എല്ലാ കുട്ടികളും കവിതകൾ, പാട്ടുകൾ എന്നിവയുടെ ആശയം തിരിച്ചറിഞ്ഞ് അവയെ വ്യത്യസ്ത രൂപങ്ങളിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുന്നു.

*പഠനനേട്ടം :*

- പാഠത്തിലെ ആശയത്തെ ചിത്രീകരണം, അഭിനയം തുടങ്ങിയ വ്യത്യസ്ത രീതികളിലവതരിപ്പിക്കുന്നു.

5. നാലാം ക്ലാസിലെ കുട്ടികളെല്ലാവരും കഥകൾ സ്ഫുടതയും ഒഴുക്കുമുള്ള ശൈലിയിൽ ഭാവാത്മകമായി വായിച്ചവതരിപ്പിക്കുന്നതിനും കഥാപാത്രങ്ങളുടെ സവിശേഷതകൾക്കനുസരിച്ച് സംഭാഷണങ്ങൾ അവതരിപ്പിക്കുന്നതിനും കഥകളെ വായനാനാടകരൂപത്തിൽ അവതരിപ്പിക്കുന്നതിനും കഴിവു നേടുന്നു.

*പഠനനേട്ടങ്ങൾ*

- കഥ, വിവരണം എന്നിവ ഉച്ചാരണശുദ്ധി, ഒഴുക്ക്, ആവശ്യമായ ഭാവവ്യത്യാസം എന്നിവയോടെ വായിച്ചവതരിപ്പിക്കുന്നു.
- കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു.

6. പഠനപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും സജീവവും സർഗാത്മകവുമായ പങ്കാളിത്തം ഉറപ്പാക്കുക.

7. എല്ലാ കുട്ടികൾക്കും സമഗ്രഗുണമേന്മ ഉറപ്പാക്കുക.

8.

9.

10.